# തേനീച്ചകളുടെ സഹായം:

പിങ്കിക്കരടിയമ്മ കടയിൽ നിന്നും മക്കൾക്ക് ബലൂൺ വാങ്ങി. ആ ബലൂൺ വീർപ്പിച്ചു. നൂൽകെട്ടി മക്കളായ ബാലുക്കരടിക്കും, കാക്കുക്കരടിക്കും കളിക്കാൻ നൽകി. അവർ ബലൂണുമായി വീടിനുപുറത്തേക്ക് ഓടി. ബലൂണുമായി അവർ കുറേ നേരം കളിച്ചു. പിന്നീട് രണ്ട്പേരും ബലൂണിന്റെ മുകളിൽ കയറി. പെട്ടെന്ന് ബലൂൺ പൊങ്ങി. ഉയരത്തിൽ എത്തി. അവർ കരഞ്ഞു. കരച്ചിൽ മരത്തിൽ നിന്നും തേനീച്ചകൾ കേട്ടു. അവർ കരടിക്കുഞ്ഞുങ്ങളുടെ അടുത്തേക്ക് പറന്നു. അമ്മക്കരടിയും ഓടിയെത്തി. മുകളിലേക്ക് നോക്കിയപ്പോൾ തേനീച്ചകൾ ബലൂണിന്റെ ചരട് വലിച്ച് താഴേക്ക് വരുന്നതാണ് കാണുന്നത്. എന്റെ കുഞ്ഞുങ്ങളെ താഴെ ഇറക്കി സഹായിച്ച തേനീച്ചകളെയും, മക്കളെയും അമ്മക്കരടി കെട്ടിപ്പിടിച്ചു. പിന്നീട് അവർക്ക് മധുരമുള്ള തേനും നൽകി.

**Fathima Hamna**



